**വ്യക്തിപരമായ വിശദീകരണം**

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഇന്ന് സഭയിൽ ഉന്നയിച്ചത് വളരെ സ്പെസിഫിക്കായിട്ടുള്ള ആരോപണങ്ങളാണ്. അദ്ദേഹം എഴുതി നൽകിയത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഏതായാലും അദ്ദേഹം ഉന്നയിച്ച രണ്ട് ആരോപണങ്ങളും 2020-ലും പ്രതിപക്ഷം നിയമസഭയിൽ ഉന്നയിച്ചിരുന്നു. അന്നത്തെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇതുസംബന്ധിച്ച് വ്യക്തമായ വിശദീകരണം സഭയിൽത്തന്നെ നൽകിയതാണ്. ഇത് നിയമസഭയുടെ രേഖകളിലുമുണ്ട്. അതേ ആരോപണങ്ങൾ ഉന്നയിച്ച് വീണ്ടും പുകമറ സൃഷ്ടിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. 2020 ജനുവരി 20-ാം തീയതിയാണ് ഇന്ത്യയിൽതന്നെ ആദ്യത്തെ കോവിഡ് കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. കോവിഡിനെ പ്രതിരോധിക്കുന്നതിലുള്ള മുൻ അനുഭവം ആഗോളതലത്തിൽ തന്നെ ശാസ്ത്ര സമൂഹത്തിനോ ആരോഗ്യ വിദഗ്ദ്ധർക്കോ അന്നുവരെയുണ്ടായിരുന്നില്ല. ആദ്യ കേസ് റിപ്പോർട്ട് ചെയ്തപ്പോൾ കേരള സർക്കാർ കൺട്രോൾ റൂമുകൾ തുറക്കുകയും ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും പ്രതിരോധ നിര

തീർക്കുകയും ചെയ്തു. ആദ്യമായി കോവിഡ് പ്രോട്ടോക്കോൾ രൂപീകരിച്ചു. അന്നുമുതൽ കോവിഡ് പ്രതിരോധത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മുന്നൊരുക്കങ്ങൾ ആരംഭിക്കുകയും ചെയ്തു. ഈ മുന്നൊരുക്കങ്ങൾ കേരളത്തിൽ കോവിഡ് വ്യാപനത്തിന്റെ തോത് കുറയ്ക്കാൻ സഹായകരമായെന്ന് നമ്മൾ കാണേണ്ടതാണ്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ സർക്കാർ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടുപോകുകയും ചെയ്തു. ആരോഗ്യ വകുപ്പിനാവശ്യമായ മരുന്ന്, കോവിഡ് പ്രതിരോധ സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ സംഭരിക്കൽ, പരിശോധനാ സംവിധാനങ്ങൾ ഒരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് നിർവ്വഹിച്ചിട്ടുള്ളത്. രോഗവ്യാപന സാധ്യതകൾ വിലയിരുത്തി മുൻകൂറായി സംഭരിക്കേണ്ട പേഴ്സണൽ പ്രൊട്ടക്ടീവ് എക്യുപ്മെന്റ്, ലബോറട്ടറി സജ്ജീകരണങ്ങൾ, മറ്റ് അനുബന്ധ ചികിത്സാ സാമഗ്രികൾ എന്നിവ സംബന്ധിച്ച് വിശദമായ വിശകലനം നടത്തുകയും ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ ആവശ്യമായ പ്രതിരോധ ചികിത്സാ

സാമഗ്രികളുടെയുംമറ്റും അവശ്യം സ്റ്റോക്ക് യുദ്ധകാലാടിസ്ഥാനത്തിൽ സംഭരിക്കുന്നതുമായ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. നിർവ്വഹിച്ചു. ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയിലമർന്ന പ്രസ്തുത സമയത്ത് മേൽപ്പറഞ്ഞ പ്രതിരോധ സാമഗ്രികൾ ആവശ്യാനുസരണം ലഭ്യമാക്കുകയെന്നത് കനത്ത വെല്ലുവിളിയായിരുന്നു. കോവിഡ് രോഗ വ്യാപ്തി പരമാവധി തടഞ്ഞുനിർത്തുകയെന്ന ലക്ഷ്യത്തോടെ രോഗികൾക്കും രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകർക്കും പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകളിലൂടെ സർക്കാർ ആശുപത്രികളിലും മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും കോവിഡ് ചികിത്സയ്ക്കുള്ള പ്രതിരോധ സാമഗ്രികളുടെ ലഭ്യതയിൽ കുറവുവരാതെ നോക്കാനുള്ള ഉത്തരവാദിത്വം അന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനത്തിനാണുണ്ടായിരുന്നത്. പ്രസ്തുത സ്ഥാപനംവഴി നടത്തുന്ന പർച്ചേസുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാണ്. ഇതുകൂടാതെ പ്രസ്തുത വിഷയങ്ങളിൽ ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധന ഇപ്പോൾ നടന്നുവരികയാണ്. വസ്തുതകൾ മറച്ചുവെച്ച് തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കരുതെന്ന്

അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നേരത്തെ അങ്ങ് പറഞ്ഞത് 2020 -ൽ ഡോ. എം. കെ. മുനീർ ഉന്നയിച്ച ആക്ഷേപത്തിന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞുവെന്നുള്ളതാണ്. അന്നത്തെ മറുപടിയിൽ പറഞ്ഞിരിക്കുന്നത് 500 രൂപയ്ക്ക് ലഭിക്കുന്ന പി.പി.ഇ. കിറ്റ് 300 രൂപയ്ക്കും ലഭിക്കും, പക്ഷെ അത് ഗുണനിലവാരമില്ലാത്തതാണെന്നാണ്. അതുകൊണ്ടാണ് 1500 രൂപയ്ക്ക് വാങ്ങിയതിനെ ആക്ഷേപിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നത്...........

മി. സ്പീക്കർ: ഇവിടെ ആരോപണം ഉന്നയിച്ചു. അതിന് മന്ത്രി മറുപടിയും പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ ഇവിടെ സംശയം ചോദിക്കുന്നത് പതിവുള്ളതാണ്. അല്ലാതെ ഈ മന്ത്രി പറയുന്നതുകേട്ട് ഞങ്ങൾ വീട്ടിൽ പോകണമോ?

മി. സ്പീക്കർ: അങ്ങ് ക്ഷുഭിതനാകാതെ..... ചർച്ച നാളെയും നടക്കുന്നുണ്ടല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷ നേതാവെന്ന നിലയിൽ എനിക്ക് മന്ത്രിയോട് ചോദ്യം ചോദിക്കാൻ അങ്ങ് അനുവദിക്കില്ലെന്ന് പറഞ്ഞാൽ ........

മി. സ്പീക്കർ: ചോദ്യം ചോദിക്കാൻ അനുവദിക്കില്ലെന്നല്ല. ഇനിയൊരു ചർച്ചയിലേയ്ക്ക് സാധാരണ പോകരുതെന്നാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ചോദ്യം ചോദിക്കുമ്പോൾ അങ്ങ് ഇടപെടുകയല്ലേ? പ്രതിപക്ഷ നേതാവെന്ന നിലയിൽ എനിക്ക് മന്ത്രിയോട് ചോദ്യം ചോദിക്കാൻ അവകാശമില്ലെന്ന് അങ്ങ് പറഞ്ഞാൽ ഞാൻ ഇരിക്കാം.

മി. സ്പീക്കർ: ക്ലാരിഫിക്കേഷനാകാം. അങ്ങ് ചർച്ചയിലേയ്ക്ക് വീണ്ടും പോകരുതെന്നേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അതല്ലേ ഞാൻ ചോദിച്ചത്. ചർച്ച ചെയ്യാൻ ഞാൻ വന്നോ? ഞാൻ ഒരു ചോദ്യമല്ലേ ചോദിച്ചത്.

മി. സ്പീക്കർ: ക്ലാരിഫിക്കേഷൻ ചോദിക്കൂ.

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ : സർ,...........

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അന്നത്തെ മന്ത്രിയെ ക്വാട്ട് ചെയ്ത് ഇപ്പോഴത്തെ ആരോഗ്യ വകുപ്പുമന്ത്രി സംസാരിച്ചതുകൊണ്ടാണ് ഞാൻ അങ്ങയുടെ പേര് പറഞ്ഞത്. അല്ലാതെ അങ്ങയുടെ പേര് ഞാൻ വലിച്ചിഴച്ചതല്ല. അന്നേ മറുപടി പറഞ്ഞതാണെന്ന് അവർ പറഞ്ഞു. അന്നത്തെ മറുപടിയിൽ പറഞ്ഞത് ഇതിനെക്കാൾ താഴ്ന്ന വിലയ്ക്ക് പി.പി.ഇ. കിറ്റ് ലഭിക്കും, പക്ഷേ അത് ക്വാളിറ്റിയില്ലെന്നാണ്. ഇവിടെ ബഹുമാനപ്പെട്ട (.....ബഹളം......) എന്നാൽ നിങ്ങൾ വന്ന് സംസാരിക്കൂ, (.....ബഹളം......) എന്ത് മര്യാദയാണിത്? (.....ബഹളം......) നിങ്ങൾ എന്തിനാണ് ഇത്രയ്ക്ക് അസ്വസ്ഥയാകുന്നത്? (.....ബഹളം......) എന്നാൽ നിങ്ങൾ സംസാരിക്കൂ, ഞാനല്ലേ സംസാരിക്കുന്നത്. എന്തൊരു മര്യാദയാണിത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്ലാരിഫിക്കേഷൻ ചോദിക്കൂ. മൈക്ക് അങ്ങേയ്ക്ക് മാത്രമെ നൽകിയിട്ടുള്ളൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് എന്നെയാണോ അതോ ഞാൻ സംസാരിക്കുമ്പോൾ എഴുന്നേറ്റുനിന്ന് എന്നെ തടസ്സപ്പെടുത്തിയ അവരെയാണോ നിയന്ത്രിക്കേണ്ടത്?

<u>മി. സ്പീക്കർ</u>: ക്ലാരിഫിക്കേഷൻ ചോദിക്കൂ. അങ്ങേയ്ക്ക് മൈക്ക്

നൽകിയതാണല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നത് ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് എഴുതിത്തന്ന് ആധികാരികമായി ഉന്നയിച്ച ആരോപണത്തെക്കുറിച്ചാണ്. അതായത് ഒരു ദിവസം തന്നെ പി.പി.ഇ. കിറ്റ് 550 രൂപയ്ക്കും 1550 രൂപയ്ക്കും ഓർഡർ കൊടുത്ത് വാങ്ങിയിരിക്കുന്നു. അതുപോലെ ഒരു കോടി ഗ്ലൗസുകൾ നിങ്ങൾ പന്ത്രണ്ട് രൂപയ്ക്ക് ഓർഡർ ചെയ്തു. അതിൽ 40 ലക്ഷം ഗ്ലൗസുകൾ മാത്രമാണ് കേരളത്തിലെത്തിയത്. ബാക്കി 60 ലക്ഷം ഗ്ലൗസുകൾ രണ്ടാമത് അവർ അയച്ചില്ല. അയയ്ക്കാത്ത സമയത്ത് നിങ്ങൾ ഓൺലൈൻ പർച്ചേസ് നടത്തി. പന്ത്രണ്ട് രൂപയ്ക്ക് ലഭിച്ച ഗ്ലൗസുകൾ നിങ്ങൾക്ക് ഏഴ് രൂപയ്ക്ക് ലഭിച്ചുവെന്നതാണ് ഇവിടത്തെ ആരോപണം. ആ ആരോപണത്തിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞില്ലെന്നതാണ് ഇവിടത്തെ വിഷയം. പി.പി.ഇ. കിറ്റ് 500 രൂപയ്ക്ക് ലഭിക്കുന്ന ദിവസം തന്നെ 1550 രൂപയ്ക്ക് വാങ്ങിയിരിക്കുകയാണ്. അതുപോലെ പന്ത്രണ്ട് രൂപ നിരക്കിൽ ഒരു കോടി ഗ്ലൗസുകൾ വാങ്ങിയിരിക്കുകയാണ്. അതേ സമയം ഏഴ് രൂപ നിരക്കിൽ അത് ഓൺലൈൻ പർച്ചേസിലും വാങ്ങിയിരിക്കുന്നു.

1600 കോടി രൂപയുടെ പർച്ചേസ് നടന്നുവെന്നാണ് പറയുന്നത്. ഇതിന്റെ ഉത്തരവാദിയായ കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ ദിലീപിനെ സ്ഥലം മാറ്റിയോ? ഇത്തരം ആരോപണങ്ങൾ വന്നതിനുശേഷം ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്കൊന്നും മറുപടി പറയാതെ ഇതിനുമുമ്പ് മറുപടി പറഞ്ഞുവെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് അനുകൂലമായാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. 60 ലക്ഷം ഗ്ലൗസിന് രണ്ടാമതും പണം കൊടുക്കുവാൻ അങ്ങ് സമ്മതിച്ചില്ലെന്നാണ് പറഞ്ഞത്. അങ്ങയെക്കുറിച്ചല്ല ആരോപണം ഉന്നയിച്ചത്. അതിന് മുമ്പ് കോവിഡിന്റെ മറവിൽ നടന്ന വലിയ കൊള്ളയെക്കുറിച്ചാണ് പറഞ്ഞത്. സഭയിൽ ഈ വിഷയം ഉന്നയിക്കുമ്പോൾ അതിന്റെ കൃത്യമായ മറുപടി പറയണമെന്നാണ് അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ തുടക്കത്തിൽ പറഞ്ഞിരുന്നു, വളരെ സ്പെസിഫിക്കായാണ് ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് സഭയിൽ ഇക്കാര്യങ്ങളെ സംബന്ധിച്ച് സംസാരിക്കുമ്പോൾ പ്രതിപാദിച്ചിട്ടുള്ളത്.

എന്നാൽ എഴുതിത്തന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച ആരോപണമെന്നാണ്. അതുകൊണ്ടാണ് ഈ വിഷയങ്ങൾ നേരത്തെ സഭയിൽ വന്നതാണെന്ന് പറഞ്ഞത്. എഴുതിത്തരുമ്പോൾ അത് ഈ വിഷയങ്ങളാണെന്ന് പറഞ്ഞിരുന്നില്ല. രണ്ടാമത്തെകാര്യം, സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇതിലെ നിലപാടുകൾ വളരെ വ്യക്തമാണ്. അന്നത്തെ കാര്യങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞു. ഇപ്പോൾ ഇങ്ങനെ ആരോപണങ്ങൾ ഉയരുന്ന സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധിക്കുന്നുണ്ട്. ഇത് സുതാര്യമായി മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് അന്നും ഇന്നും സർക്കാർ ശ്രമിക്കുന്നത്. ആ രീതിയിൽ തന്നെ മുന്നോട്ടുപോകും. അതിൽ ഒരു അവ്യക്തതയുമില്ല. അത് ആ രീതിയിൽ തന്നെ മുന്നോട്ടുപോകുന്നതാണ്....(.....ബഹളം......) അങ്ങ് വളരെ സ്പെസിഫിക്കായ ചോദ്യമാണ് ചോദിച്ചത്.

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്യൂ.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം (.....ബഹളം......) വളരെ പ്രത്യേകമായി ഒന്നുരണ്ട് വിഷയങ്ങളെ

ആസ്പദമാക്കിയാണ് ചോദിച്ചിട്ടുള്ളത്. ആ രീതിയിൽ off hand-ആയി ഈ സഭയിൽ  മറുപടി പറയാൻ  ഇപ്പോൾ സാധിക്കില്ല.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഫെബ്രുവരി മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.03-ന് പിരിഞ്ഞു.)

*********